# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# യേശുവും ലാസറും



എഴുതിയത് : Edward Hughes
ഉദാഹരണം : Janie Forest
അംഗീകരിച്ചത് : Ruth Klassen
തർജ്ജിമ ചെയുതത് : Rev. Benny Alastair Paterson
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.





മറിയയും മാർത്തയും വ്യസനത്തിലായി. അവരുടെ സഹോദരനായ ലാസറിനു രോഗം മൂർചിച്ചു. ലാസർ പെട്ടെന്ന് മരിച്ചുപോകുമെന്ന് ഈ സഹോദരിമാർക്ക് മനസ്സിലായി. യേശു വരാൻ വേി അവർ ആളെ അയച്ചു. ബെഥാന്യയിലുള്ള ഈ ചെറിയ കുടുംബത്തെ അവൻ സ്നേഹിച്ചിരുന്നു.


ലാസറിനെക്കുറിച്ച് യേശു കേട്ടപ്പോൾ അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു: “ഈ രോഗം മരണത്തിൽ അവസാനിക്കുകയില്ല.” യേശു അനേകം മൈലുകൾക്ക് അപ്പുറത്തായിരുന്നുവെങ്കിലും ലാസറിന് എന്തു സംഭവിക്കുവാൻ പോകുന്നുവെന്ന് അവന് കൃത്യമായി അറിയാമായിരുന്നു.
3


യേശു ബെഥാന്യയിൽ പോകുന്നതിനുമുമ്പ് രു ദിവസം കൂടെ താമസിച്ചു. എന്നിട്ട് അവൻ പറഞ്ഞ ഒരു കാര്യം അവന്റെ ശിഷ്യന്മാരെ ആശയക്കുഴപ്പത്തിലാക്കി. “ഞാൻ അവിടെ ഇല്ലാത്തതുകൊ് സന്തോഷിക്കുന്നു. നിങ്ങൾ വിശ്വസിപ്പാൻ ഇടയാകുമല്ലോ.” ഈ വിചിത്ര വാക്കുകളുടെ അർഥമെന്താണ്? എന്തു ചെയ്യുവാനാണ് യേശു പദ്ധതിയിട്ടിരിക്കുന്നത്?
4


യേശു ബെഥാന്യയിൽ എത്തിയപ്പോൾ ലാസർ മരിച്ചിട്ട് നാലു ദിവസം കഴിഞ്ഞിരുന്നു. അവന്റെ ശരീരം ശവമടക്കുന്നതിനുള്ള തുണികൾ
ചുറ്റി ഗുഹപോലെയുള്ള ഒരു കല്ലറയിൽ വെച്ചു.
5


മാർത്ത യേശുവിനെ കാണാൻ ചെന്നു. “നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും” യേശു പറഞ്ഞു. “ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേൽക്കുമെന്ന് എനിക്കറിയാം,” മാർത്ത മറുപടി പറഞ്ഞു. അവൾ വിചാരിച്ചു ലാസറിനെ വീും കാണുവാൻ കാലാവസാനം വരെ കാത്തിരിക്കണമെന്ന്.
എന്നാൽ യേശു അർത്ഥമാക്കിയത് മറ്റൊന്നാണ്.
6


“ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു,” യേശു മാർത്തയോടു പറഞ്ഞു. “എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.”
7


മാർത്ത യേശുവിനെ വിശ്വസിച്ചു. അവൾക്കറിയാമായിരുന്നു അവൻ ദൈവപുത്രനാണെന്ന്. പക്ഷേ, അവനെങ്ങനെ ലാസറിനെ സഹായിക്കാനാവും?
8


ലാസർ മരിച്ചുപോയതിനാൽ എല്ലാവരും ദുഃഖിതനായിരുന്നു. അവന്റെ സഹോദരി മറിയ കരഞ്ഞുകൊിരുന്നു. അവളെ ആശ്വസിപ്പിക്കുവാൻ വന്ന സുഹൃത്തുക്കളും കരഞ്ഞു. യേശുവും കരഞ്ഞു.
9


യേശു ജനങ്ങളോടൊപ്പം കല്ലറയ്ക്കലേക്കു പോയി. കല്ലറവാതിൽക്കൽ വലിയൊരു കല്ല് വെച്ചിട്ടുായിരുന്നു.
10


“കല്ല് നീക്കുവിൻ,” യേശു കല്പിച്ചു. മാർത്ത ഉത്തരം പറഞ്ഞു: “കർത്താവേ, നാറ്റം വെച്ചുതുടങ്ങി. അവൻ മരിച്ചിട്ട് നാലു ദിവസം ആയല്ലോ.”
11


യേശുവിന്റെ കല്പനയിൽ പുരുഷന്മാർ കല്ല് ഉരുട്ടിനീക്കി. അപ്പോൾ യേശു സ്വർഗ്ഗസ്ഥനായ തന്റെ പിതാവിനോട് പ്രാർത്ഥിച്ചു. യേശു ഒരു വലിയ അത്ഭുതം പ്രവർത്തിക്കുവാൻ പോകയായിരുന്നു. അങ്ങനെ ദൈവം തന്നെ അയച്ചുവെന്ന് ജനങ്ങൾ അറിയുവാനിടയാകും.
12


“ലാസറേ, പുറത്തുവരിക,” യേശു ഉറക്കെ വിളിച്ചു. ജനങ്ങൾ അത്ഭുതത്തോടെ ഗുഹയിലേക്ക് തുറിച്ചുനോക്കിക്കാണും. മരിച്ചുപോയ ഒരുവനെ ജീവിപ്പിക്കാൻ യേശുവിനു കഴിയുമോ?
13


അതേ! ലാസർ കല്ലറയിൽനിന്ന് പുറത്തുവന്നു–ജീവനോടെ! ദേഹമാകെ തുണികൾ ചുറ്റിയിരുന്നു.
14

“അവന്റെ കെട്ടുകളഴിക്കുക, അവൻ പോകട്ടെ,” യേശു പറഞ്ഞു. അവിടത്തെ സന്തോഷം എന്തായിരുന്നുവെന്നോ! കണ്ണുനീർ ചിരിയായി മാറി. യേശു തന്റെ വാക്ക് പാലിച്ചു. ലാസർ വീും ജീവനുള്ളവനായിത്തീർന്നു. ദൈവത്തിന്റെ പുത്രന് മാത്രമേ മരിച്ചുപോയ മനുഷ്യന് ജീവൻ



കൊടുക്കാനാകയുള്ളൂ.

15

ഈ അത്ഭുതം ക അനേകം ആളുകൾ യേശുവിൽ വിശ്വസിച്ചു. എന്നാൽ ചിലർ യേശുവിനെക്കുറിച്ച് അവന്റെ ശത്രുക്കളോട് പറഞ്ഞു. ദേവാലയത്തിലെ പുരോഹിതന്മാർ അസൂയ മൂത്ത് അവർ യേശുവിനെ കൊല്ലുവാൻ ഗൂഢാലോചന ചെയ്തു. യേശു ഇതറിഞ്ഞപ്പോൾ അവിടംവിട്ട് കുറെക്കാലത്തേക്ക് മാറിപ്പോയി.



16

യേശുവും ലാസറും

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

യോഹന്നാൻ 11

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

17

# അവസാനം

52 60

18

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ച യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16

19